<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258**</u> <u>**10-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**സർക്കാർ ആശുപത്രികളിൽ ബെഡ് സ്ട്രെങ്ങ്തിന് അനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ങ്ത് നടപ്പാക്കൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ആശുപത്രികളിൽ ബെഡ് സ്ട്രെങ്ങ്തിന് അനുസരിച്ചുള്ള സ്റ്റാഫ് സ്ട്രെങ്ങ്ത് നടപ്പിൽ വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | **സർക്കാർ കാലാനുസൃതമായി നിരവധി പരിഷ്കാരങ്ങൾ ആരോഗ്യ മേഖലയിൽ വരുത്തിയിട്ടുണ്ട്. ഇന്ന് ആരോഗ്യ മേഖലയിലെ തസ്തികകളിലും ഉത്തരവാദിത്തങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതി ആർദ്രം മിഷൻ നടപ്പിലാക്കാൻ തുടങ്ങിയതു മുതൽ ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലാകാലങ്ങളിൽ മാറ്റമുണ്ടാകുന്ന എൻ.എം.സി മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ കോളേജിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചു വരുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ 2721 തസ്തികകളും കൂടാതെ വിവിധ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1004 തസ്തികകളും ചേർത്ത് ആകെ 3725 തസ്തികകളും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ അക്കാഡമിക നിലവാരം ഉയർത്താനും അതോടൊപ്പം തന്നെ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഒരുക്കുന്നതിനുമായി 2016 മുതൽ നാളിതുവരെ 4641 തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് പുറമേ ദേശീയ ആരോഗ്യമിഷൻ/ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,** |

| | | | |
|---|---|---|---|
| | | | **KASP, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അഡ്ഹോക്ക് വ്യവസ്ഥ തുടങ്ങിയവ മുഖേന ആരോഗ്യ പ്രവർത്തകരെ ആശുപത്രികളിൽ നിയമിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിലവിൽ 6342 ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 3391 അധ്യാപക വിഭാഗം ഡോക്ടർമാരും ഉൾപ്പെടെ മൊത്തം 9733 സ്ഥിരം ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.** |
| (ബി) | 2023-24 കാലയളവിൽ കേന്ദ്ര-സംസ്ഥാന സംയോജിത ആരോഗ്യ സ്കീമുകളിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ള ആകെ കുടിശിക എത്രയാണെന്ന് വ്യക്തമാക്കാമോ; സ്കീമുകൾ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | ദേശീയ ആരോഗ്യ മിഷന് ഗ്രാന്റ് ഇനത്തിൽ 371.20 കോടി രൂപയും റീഇംബേഴ്സ്മെന്റ് ഇനത്തിൽ 278.27 കോടി രൂപയും പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ (PMABHIM) ന് ക്യാഷ് ഗ്രാന്റ് ഇനത്തിൽ 12.23 കോടി രൂപയും കുടിശ്ശിക ഉണ്ട്. |

സെക്ഷൻ ഓഫീസർ